"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റുമാരായ ഡോ.ഷംഷാദ്.എം., ഡോ.ഹരീഷ്.വി.പി. എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.797/2023, OA(EKM) No.806/2023 കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 05.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2654/2023/H&FWD തീയതി,തിരുവനന്തപുരം, 12-10-2023

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ഷാഷാദ്.എം., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ഡോ.ഹരീഷ്.വി.പി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ അപേക്ഷ
4. 2023 ലെ OA(EKM) No.797 & 806 ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 8.06.2023-ലെ ഉത്തരവ്
5. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.ഷംഷാദ്.എം., ഡോ.ഹരീഷ്.വി.പി. എന്നിവർ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ

49..35

GOVERNMENT OF KERALA 2017-18

യഥാക്രമം പരാമർശം (2), (3) അപ്പീൽ അപേക്ഷകൾ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.797/2023, OA(EKM) No.806/2023 ഫയൽ ചെയ്യുകയും ഉണ്ടായി. സമാനമായ ഈ രണ്ടു കേസുകളും ഒന്നിച്ച് പരിഗണനയിലെടുത്ത ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, അപേക്ഷകരെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2), (3) അപ്പീൽ അപേക്ഷകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പരാമർശം (4) ഉത്തരവ് പ്രകാരം ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷകർ സമർപ്പിച്ച പരാമർശം (2), (3) അപ്പീൽ അപേക്ഷകൾ പരിശോധിക്കുകയും ചെയ്തിരുന്നു.

3) 2019 മുതൽ മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കി വരുന്നതായും, 2023 പൊതുസ്ഥലംമാറ്റത്തിന് മഞ്ചേരി ജനറൽ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ഓപ്ഷൻ നൽകുകയും കരട് സ്ഥലംമാറ്റ പട്ടികയിൽ പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകിയതിനെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു എങ്കിലും കരട് പട്ടികയിലെ സ്ഥലംമാറ്റം സ്ഥിരപ്പെടുത്തിക്കൊണ്ട് അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ഉണ്ടായതെന്നും ആയതിനാൽ അപേക്ഷിച്ച സ്ഥാപനങ്ങളിൽ നിയമനം നൽകണമെന്നും പരാമർശം (2) അപ്പീലിൽ ഡോ.ഷംഷാദ്.എം. അപേക്ഷിച്ചിരുന്നു.

4) വയനാട് വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഡോ.ഹരീഷ്.വി.പി. 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി

എന്നീ സ്ഥാപനങ്ങൾ ഒന്നും രണ്ടും ഓപ്ഷൻ ആയി സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നതായും, കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും അന്തിമ ഉത്തരവിൽ സ്ഥലംമാറ്റം ആവശ്യപ്പെടാത്ത കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നിയമനം നൽകിയെന്നും ആയത് പരിഹരിച്ച് നൽകണമെന്നും ടിയാൻ പരാമർശം (3) അപ്പീലിൽ അപേക്ഷിച്ചിരുന്നു.

5) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. OA(EKM) No.797/2023-ലെ അപേക്ഷകയായ ഡോ.ഷംഷാദ്.എം. ആവശ്യപ്പെട്ട രണ്ട് സ്ഥാപനങ്ങളിലും നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ടിയാളെക്കാൾ കൂടുതൽ അർഹതയുള്ളവരെയാണ്. ആയതിനാൽ മഞ്ചേരി ജനറൽ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിയമനം നൽകണമെന്നുള്ള ടിയാളുടെ ആവശ്യം നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു. OA(EKM) No.806/2023-ലെ അപേക്ഷകനായ ഡോ.ഹരീഷ്.വി.പി-ക്ക് എതിർകക്ഷിയായ ഡോ.ജ്യോതിശ്രീ.വി.-യെക്കാൾ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകുന്നതിനുള്ള യോഗ്യതയുണ്ടെന്ന് കമ്മിറ്റി കണ്ടെത്തുകയും, ആയതിനാൽ ഡോ.ഹരീഷിന് താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകുന്നതിനും, എതിർകക്ഷി ഡോ.ജ്യോതിശ്രീ.വി.- ക്ക് കൽപറ്റ ജനറൽ ആശുപത്രിയിൽ നിയമനം നൽകുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

6) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് OA(EKM) No.797/2023-ന്റെ അപേക്ഷകയായ ഡോ.ഷംഷാദ്.എം. സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ടും, OA(EKM) No.806/2023-ന്റെ അപേക്ഷകനായ ഡോ.ഹരീഷ്.വി.പി.-ക്ക് താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലും എതിർകക്ഷി ഡോ.ജ്യോതിശ്രീ.വി.-ക്ക് കൽപറ്റ ജനറൽ ആശുപത്രിയിലും നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (2), (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

01834

GOVERNMENT OF KERALA 2017-18

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.797/2023, OA(EKM) No.806/2023 എന്നിവയിന്മേലുള്ള 08.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം / വയനാട്.

Dr.Shumshad.M. Junior Consultant (Anaesthesia), Pearl Castle, Pakkarath Colony Road, 28th Mile, Narukara P.O., Manjeri, Malappuram - 676 122.

Dr.Harish.V.P., Junior Consultant (Anaesthesia), Vasudevam (H), C.H. Colony, NGO Quarters, Vellimadukunnu.P.O, Kozhikode - 673 012.

Dr.Sabna Kunhi Moideen, Junior Consultant (Anaesthesia), District Hospital, Nilambur, Malappuram - 679 329.

Dr.Fazil K, Junior Consultant (Anaesthesia), District Hospital, Tirur, Malappuram - 676 101.

Dr.Ashish Krishnan, Junior Consultant (Anaesthesia), General Hospital, Manjeri, Malappuram - 676 121.

Dr.Jyothisree.V., Junior Consultant (Anaesthesia), General Hospital, Kalpetta, Wayanad Road, Kainatty, Kalpetta, Wayanad - 673 122.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 12-10-2023 21:32:07

മേലെഴുത്ത് നം. ഇ.എ1-5160/2023/ആ.വ.ഡ, തീയതി 13.10.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി